# ആമുഖം

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ സ്ഥാപനപരമായ സുപ്രധാന രേഖയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ.പൊതുവിദ്യാഭ്യാസത്തിന്റെ ഭാഗമായി ഓരോ വിദ്യാലയവും മികവിന്റെ കേന്ദ്രമാക്കുക കുട്ടികളുടെ അവകാശങ്ങളെ സംരക്ഷിച്ച് സമഗ്രമായ പദ്ധതി ആസൂത്രണം ചെയ്യുക എന്നതാണ് അക്കാദമിക മാസ്റ്റർ പ്ലാൻലക്ഷ്യമിടുന്നത്.പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന്റെ ഭാഗമായി മുഴുവൻ സർക്കാർ വിദ്യാലയങ്ങളിലും ദീർഘമായ കാഴ്ചപ്പാടോടുകൂടിയ സമഗ്ര ഗുണമേന്മ വിദ്യാലയ വികസന പദ്ധതികളാണ് നടപ്പിലാക്കുന്നത്.സ്വന്തം കുട്ടി മികച്ച സൗകര്യങ്ങളോടുകൂടി പഠിക്കണം എന്നുള്ളത് ഏതൊരു രക്ഷിതാവിൻറെയും ആഗ്രഹമാണ് അതിനായി ഏറ്റവും ആധുനികമായ സൗകര്യങ്ങളും സംവിധാനങ്ങളും ഒരുക്കേണ്ടതാണ്. ഇത്തരത്തിലുള്ള സംവിധാനങ്ങൾ ഒരു പരിധിവരെ നമ്മുടെ വിദ്യാലയത്തിലും സജ്ജീകരിക്കാൻ സാധിച്ചിട്ടുണ്ട് ഈ വിദ്യാലയത്തിൽ പ്രൈമറി മുതൽ ഏഴാം ക്ലാസുവരെ 400 അധികം കുട്ടികൾ പഠിക്കുന്നുണ്ട് ഇവർക്ക് അറിവ് പകരുന്നതിനായി 20 ഓളം അധ്യാപകർ നിതാന്ത ജാഗ്രത പുലർത്തി വരുന്നു.വരും തലമുറയ്ക്ക് നാം നൽകുന്ന ഏറ്റവും വലിയ സംഭാവനയായി ഈ പ്രവർത്തനങ്ങൾ മാറേണ്ടതുണ്ട്.വിഷയാടിസ്ഥാനത്തിലുള്ള

മികവ് മാനവികത അവസര തുല്യത പങ്കാളിത്തം എന്നിവയെല്ലാം ഉറപ്പുവരുത്തി എല്ലാ വിഭാഗം കുട്ടികളെയും ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവരെ ഉൾപ്പെടെ പരിഗണിച്ച് വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കി മാറ്റുന്നതിന് നമുക്ക് കഴിയേണ്ടതുണ്ട്

## ലക്ഷ്യങ്ങൾ

*മുഴുവൻ കുട്ടികൾക്കും അറിവിൻറെ ഉയർന്ന തലങ്ങളിലേക്ക് എത്താൻ സഹായകമായ പഠനാവസരം ലഭ്യമാക്കുക

*അവസരം തുല്യത സാമൂഹ്യനീതി ഗുണത എന്നിവ ഉറപ്പാക്കുന്ന പഠന പരിസരവും പഠനാന്തരീക്ഷവും വികസിപ്പിക്കുക

*ആധുനിക സാങ്കേതികവിദ്യ എല്ലാ ക്ലാസ്സുകളിലും മികച്ച പഠനത്തിനായി പ്രയോജനപ്പെടുത്തുക

*പ്രത്യേക പരിഗണന ലഭിക്കുന്നതിലൂടെ പഠനത്തിൽ പിന്നാക്കം നിൽക്കുന്നവർ മുഖ്യധാരയിലെത്തുകയും കഴിവിന്റെ സാധ്യമായ ഉയർന്ന തലത്തിലേക്ക് എത്തിച്ചേരുകയും ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.

*ആധുനിക സൗകര്യമുള്ള വായനശാല പോറട്ടറി എന്നിവ ഉറപ്പുവരുത്തുക

*കലാകായിക പ്രവർത്തി പരിചയ വിദ്യാഭ്യാസത്തിന് അനുഗുണമായ ഭൗതിക സൗകര്യങ്ങൾ സൃഷ്ടിക്കുക

*എല്ലാ കുട്ടികൾക്കും മലയാളം ഇംഗ്ലീഷ് ഹിന്ദി ഭാഷ സംസാരിക്കാനും വായിക്കാനും എഴുതാനുമുള്ള കഴിവ് ഉറപ്പുവരുത്തുക

## വിദ്യാലയത്തിന്റെ ലഘു ചരിത്രം

1956 ജൂണിലാണ് മങ്കാട് യുപി സ്കൂൾ നിലവിൽ വന്നത് എൻഎസ്എസ് 2044 നമ്പർ കരയോഗത്തിന്റെ വകയായാണ് ഈ സ്കൂൾ ആരംഭിച്ചത് സാമുദായിക പ്രവർത്തകരുടെ പ്രയത്നവും ശ്രീ എ കൃഷ്ണപിള്ള എന്ന മനുഷ്യൻറെ വിശാലമനസ്സുമാണ് ഈ സ്ഥാപനത്തിൻറെ അടിസ്ഥാനം അദ്ദേഹം സൗജന്യമായി നൽകിയ 50 സെൻറ് സ്ഥലത്ത് താൽക്കാലികമായി ഉണ്ടാക്കിയ ഓല ഷെഡ്ഡിൽ മങ്കാട് എൽ പി സ്കൂൾ പ്രവർത്തനം തുടങ്ങി വിദ്യാലയം നടത്താൻ ബുദ്ധിമുട്ട് നേരിട്ടപ്പോൾ കടയ്ക്കൽ പഞ്ചായത്തിന് കൈമാറുകയും ചെയ്തു ഇന്ന് ഈ വിദ്യാലയം കുമ്മൽ പഞ്ചായത്തിന്റെ അധീനതയിലാണ് 1966-67 ൽപഞ്ചായത്ത് ഈ സ്കൂളിന് അപ്ഗ്രേഡ് ചെയ്തു പ്രഥമ അധ്യാപകൻ ശ്രീ കുട്ടൻപിള്ള ആയിരുന്നു തുടർന്ന് 1995 ൽനിയമനം സർക്കാർ ഏറ്റെടുക്കുകയും പി എസ് സി യിൽ നിന്നും അധ്യാപകരെ നിയമിക്കുകയും ചെയ്തു ഇപ്പോൾ സർക്കാർ സ്കൂളുകൾക്ക് നൽകുന്ന എല്ലാ ഫണ്ടുകളും ഈ സ്കൂളിന് ലഭിച്ചുവരുന്നു.സമൂഹത്തിന്റെ വിവിധ തുറകളിൽ കഴിവ് തെളിയിച്ചിട്ടുള്ള ധാരാളം വ്യക്തിത്വങ്ങളെ വാർത്തെടുക്കാൻ ഈ സ്കൂളിന് കഴിഞ്ഞിട്ടുണ്ടെന്നുള്ളത് ഞങ്ങൾ അഭിമാനപുരസരം സ്മരിക്കുന്നു.അധ്യാപനം ആതുരസേവനം അതിർത്തി സംരക്ഷണം കാർഷിക മേഖല നിയമപാലനം നീതിന്യായ തുടങ്ങി ഒട്ടേറെ രംഗങ്ങളിൽ ഈ സ്കൂളിൻറെ കയ്യൊപ്പ് പതിഞ്ഞിട്ടുണ്ട് പ്രൈമറി മുതൽ ഏഴാം ക്ലാസ് വരെയും മലയാളം /ഇംഗ്ലീഷ് മീഡിയം വിദ്യാഭ്യാസം നൽകിവരുന്നു. ഒന്നു മുതൽ ഏഴ് വരെ രണ്ട് ഡിവിഷൻ വീതം പ്രവർത്തിക്കുന്നുണ്ട് കൊഴിഞ്ഞുപോക്കും ഇല്ല.

വരുംവർഷങ്ങളിൽ ഈ സ്കൂളിനെഅന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുവാനും എല്ലാ ക്ലാസ് മുറികളും ഹൈടെക് ക്ലാസ് മുറികൾ ആക്കി പഠനപ്രവർത്തനങ്ങൾ നടത്താനും അധ്യാപക രക്ഷകർത്താ സംഘടനകളുടെ സഹകരണത്തോടെ കാലോചിതമായ വികസനം ഉറപ്പാക്കാനും സ്കൂൾ ലക്ഷ്യമിടുന്നു

## അക്കാദമിക മാസ്റ്റർ പ്ലാൻ മലയാളം എൽ പി /യു പി

| പ്രവർത്തനം | വിശദാംശങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1 ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ ( മലയാളത്തിളക്കം ) | പ്രീ ടെസ്റ്റ് 2/6 /2025<br>അക്ഷരം ഉറപ്പിക്കൽ<br>അടയാളം ഉറപ്പിക്കൽ<br>അക്ഷര കാർഡ് നൽകൽ<br>വാക്കുകൾ എഴുതിയ കാർഡ്<br>വാക്കുകൾ നിർമിക്കുക<br>വാക്യങ്ങൾ നിർമ്മിക്കൽ<br>ചിത്രം അടിക്കുറിപ്പ്<br>ചിത്രം കഥ പറയൽ<br>ചിത്രം കഥയെഴുതൽ<br>കഥ ബാക്കിയെഴുതൽ<br>കഥാപുസ്തകം നൽകൽ<br>ഐസിടി സഹായത്തോടെ ചിത്രം നിരീക്ഷിച്ച് വാക്യങ്ങൾ എഴുതുക<br>ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പിന്തുണ ക്ലാസ് | ജൂൺ- ജൂലൈ | PTA | 500 |
| 2 അനുയോജ്യമായ ഭാവം ഒഴുക്ക് അർത്ഥം പ്രകടമാകുന്ന ഊന്നലുകൾ എന്നിവയോടെ വായിച്ചവതരിപ്പിക്കുന്നതിനുള്ള അവസരങ്ങൾ | പ്രീ ടെസ്റ്റ്<br>ചെറു സദസ്സിൽ പാട്ടുകൾ കവിതകൾ കഥകൾ എന്നിവ സംഘമായും ഒറ്റയ്ക്കും അവതരിപ്പിക്കുന്നു<br>പാഠപുസ്തകത്തിലെ വരികളും വായ്ത്താരികളും താളത്തിലും ഈണത്തിലും ചൊല്ലുന്നു<br>കുട്ടികളുടെ സ്വതന്ത്ര രചനാ | ഒരു വർഷം | SRG<br>PTA<br>SMC | |

| | | | | |
|---|---|---|---|---|
| ഒരുക്കുക | ശേഷി വികസിപ്പിക്കുന്ന<br>സംയുക്ത ഡയറി<br>പാഠപുസ്തകത്തിലെയും ടീച്ചർ ടെക്സ്റ്റിലെയും പഠന അനുഭവങ്ങൾക്ക് പൂരകമായതും ഭാവാത്മക വായനക്കി ണങ്ങുന്നതുമായ പുസ്തകങ്ങളും പുസ്തക ഭാഗങ്ങളും സ്കൂൾ ലൈബ്രറിയിൽ നിന്നും മറ്റും വേർതിരിച്ച് ക്രമീകരിക്കൽ<br>നാടൻ പാട്ട് അവതരണം<br>കഥാപാത്ര പരിചയക്കുറപ്പ്<br>ചേർത്ത് പറയൽ, പിരിച്ചു പറയൽ<br>എഴുത്ത്,വായന, സംസാരശേഷി വർദ്ധിപ്പിക്കൽ<br>രചനകൾ ഭാവാത്മകമായി വായിക്കുക<br>കവിയരങ്ങ് | | | |
| 3. കുട്ടികൾക്ക് വിവിധ വായന സാമഗ്രികൾ ലഭ്യമാക്കുകയും വായിച്ചവതരിപ്പിക്കുന്നതിനുള്ള ധാരാളം അവസരങ്ങൾ നൽകുകയും ചെയ്യൽ | പുസ്തക സമ്മാനം<br>ലൈബ്രറി ബുക്ക് വായന<br>പാഠപുസ്തക വായന<br>ചിത്ര വായന<br>കഥപറയൽ<br>ഭാവാത്മക വായനഅനുഭവത്തിലൂടെ വായിച്ചവതരിപ്പിക്കൽ<br>ചിത്രത്തെക്കുറിച്ച് വിവരണം പറയൽ വിവിധ പാട്ടുകളും കവിതകളും കണ്ടെത്തൽ | ഒരു വർഷം | SRG<br>BRC<br>PTA | |
| 4.എഴുതുന്നതിനുള്ള മികവ് ഉണ്ടാക്കൽ | പാഠഭാഗം വായിച്ച് അവതരിപ്പിക്കൽ<br>കഥാപാത്രത്തെക്കുറിച്ച് | ഒരു വർഷം | SRG<br>PTA | |

| | | | | |
|---|---|---|---|---|
| | കുറിപ്പ് തയ്യാറാക്കൽ<br>ഡയറി എഴുത്ത്<br>ചേർത്തെഴുത്ത്<br>പിരിച്ചെഴുത്ത്<br>ഗദ്യത്തെ പദ്യമാക്കൽ<br>അർത്ഥം കണ്ടെത്തൽ<br>ജീവചരിത്രക്കുറിപ്പ്<br>തയ്യാറാക്കൽ<br>ആസ്വാദനക്കുറിപ്പ്<br>അനുഭവവിവരണം എഴുത്ത്<br>സംയുക്ത ഡയറി എഴുത്ത്<br>സർഗാത്മക രചനയിൽ<br>ഏർപ്പെടൽ വരികൾ<br>കൂട്ടിച്ചേർക്കൽ<br>കവിതാരചന, കഥാ രചന | | | |

# അക്കാദമിക മാസ്റ്റർ പ്ലാൻ അടിസ്ഥാനശാസ്ത്രം എൽ പി /യു പി

| പ്രവർത്തനം | വിശദാംശങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1 ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | പച്ചക്കറി തോട്ടം പൂന്തോട്ട നിർമ്മാണം തുടങ്ങിയവയിലൂടെ ജൈവവൈവിധ്യ പാർക്ക് നവീകരിക്കൽ<br><br>നിത്യജീവിതത്തിൽ പരിശുദ്ധമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്ര ക്ലാസുകൾ ആരംഭിക്കുന്നു പരീക്ഷണ കിറ്റുകൾ നിർമ്മിക്കുന്നു പരീക്ഷണക്കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറാക്കുന്നു | അക്കാദമിക വർഷം ആരംഭത്തിൽ | ശാസ്ത്ര ക്ലബ്ബ് ഹെൽത്ത് ക്ലബ്ബ് ഊർജ്ജക്ലബ്ബ് | പിടിഎ |
| 2. ശാസ്ത്രപ്രക്രിയ ശേഷി വികസിപ്പിക്കുക | ആരോഗ്യ ക്ലബ്ബ് ശാസ്ത്ര ക്ലബ്ബ് ഇവയുടെ ആഭിമുഖ്യത്തിൽ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട | അക്കാദമിക വർഷം | ശാസ്ത്ര ക്ലബ്ബ് ഊർജ്ജ ക്ലബ്ബ് | സയൻസ് ക്ലബ്ബ് |

| | | | | |
|---|---|---|---|---|
| ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക<br><br>3. ശാസ്ത്രരംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതികവിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക | പ്രോജക്റ്റുകൾ തയ്യാറാക്കി അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു<br><br>ഐസിടിയുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു പുതിയ കണ്ടെത്തലുകൾ ശാസ്ത്രകാരന്മാരുടെ ജീവചരിത്രങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം ശാസ്ത്ര ദിനങ്ങളുമായി ബന്ധപ്പെട്ട ദിനാചരണങ്ങൾ നടത്തുന്നു | <br><br>അക്കാദമിക വർഷം | ആരോഗ്യ ക്ലബ്ബ്<br><br>ശാസ്ത്ര അധ്യാപകർ<br><br>ശാസ്ത്ര അധ്യാപകർ<br><br>സയൻസ് ക്ലബ്ബ് ഊർജ്ജക്ലബ്ബ് ഹെൽത്ത് ക്ലബ്ബ് | |

# അക്കാദമിക മാസ്റ്റർ പ്ലാൻ സാമൂഹ്യശാസ്ത്രം എൽ പി /യു പി

| പ്രവർത്തനം | വിശദാംശങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ ആശയങ്ങൾ ഇവ പരിശോധിക്കൽ നേടിയെടുക്കൽ | അങ്കത്തട്ട് - കളിയിൽ നിന്ന് കാര്യത്തിലേക്ക് സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരീക്ഷിക്കുന്നതിന് പ്രഹേളികകൾ നൽകുന്നു<br><br>ഓർമ്മച്ചെപ്പ് - അന്തർദേശീയ തല മുതൽ ജില്ലാതലം വരെയുള്ള നദികൾ ഭൂ പ്രകൃതി തലസ്ഥാനങ്ങൾ വൈവിധ്യങ്ങൾ തുടങ്ങി അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ഐസിടി സാധ്യതകൾ ഉപയോഗിച്ച് | അക്കാദമിക വർഷാരംഭം ജൂൺ<br><br>ജൂൺ ജൂലൈ | സാമൂഹ്യശാസ്ത്ര അധ്യാപകൻ<br><br>സാമൂഹ്യശാസ്ത്ര അധ്യാപകൻ | |

| | | | | |
|---|---|---|---|---|
| | മെമ്മറി ടെസ്റ്റ് നടത്തുന്നു | | | |
| 2. പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക | വെർച്വൽ ഫീൽഡ് ട്രിപ്പ് ഐസിടി സാധ്യതകൾ ഉപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകൻ | |
| 3. ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക | വിദ്യാലയത്തിൽ നിന്ന് അരങ്ങത്തേക്ക് ഗ്രാമസഭ വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത ജനാധിപത്യ രീതിയുടെ അടിസ്ഥാനതലം മനസ്സിലാക്കുന്നു | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകൻ PTA | |
| 4. വിവര വിനിമയ സാങ്കേതികവിദ്യയുടെ ദുരുപയോഗത്തെക്കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെക്കുറിച്ചും റോഡ് സുരക്ഷയെ കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു | ചിലന്തിവലയിൽ നിന്ന് കുതിച്ചുചാട്ടം സാമൂഹ്യശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവൽക്കരണ ക്ലാസുകൾ സംഘടിഓരോ ക്ലാസിലും ക്വിസ് ബോർഡുകൾ സ്ഥാപിക്കുന്നു | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര ക്ലബ്ബ് | |
| 5. ക്വിസ് ബോർഡ് | ക്വിസ് ബോർഡിലേക്ക് ഓരോ ദിവസവും ആനുകാലിക വിഷയങ്ങൾ പാഠഭാഗങ്ങൾ പത്രവാർത്തകൾ എന്നിവയെ ആസ്പദമാക്കി 10 വീതം ചോദ്യങ്ങൾ കുട്ടികൾ തന്നെ തയ്യാറാക്കി പ്രദർശിപ്പിക്കുന്നുപ്പിക്കുന്നു | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകൻ | |

# അക്കാദമിക മാസ്റ്റർ പ്ലാൻ ഇംഗ്ലീഷ് എൽ പി /യു പി

| പ്രവർത്തനം | വിശദാംശങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശരിയായി ഇംഗ്ലീഷ് അക്ഷരങ്ങൾ പദങ്ങൾ വാക്യങ്ങൾ എന്നിവ മനസ്സിലാക്കുന്നതിന് | റീഡിങ് കാർഡുകൾ<br>അക്ഷരങ്ങൾ പദങ്ങൾ<br>വാക്യങ്ങൾ<br>ഐസിടി സാധ്യതകൾ<br>പ്രയോജനപ്പെടുത്തുന്നു | ജൂൺ മുതൽ | ഇംഗ്ലീഷ് ടീച്ചർ | |
| ശരിയായി ഇംഗ്ലീഷ് ശ്രമിക്കാനും അനായാസം സംസാരിക്കുവാനും അവസരം ഒരുക്കുന്നു | ഗെയിമുകൾ<br>വേർഡ് വെബ്<br>റൈമിംഗ് വേർഡ്സ്<br>ഐസിടി ഉപയോഗം കൂടുതൽ<br>കാര്യക്ഷമമാക്കാൻ പത്രവായന<br>ഇംഗ്ലീഷ്<br>റോൾപ്ലേ | ജൂലൈ മുതൽ | ഇംഗ്ലീഷ് ടീച്ചർ | |
| ഇംഗ്ലീഷ് കഥാ വായന | വായന ബുക്കുകൾ<br>പത്രം ഇംഗ്ലീഷ്<br>ഇംഗ്ലീഷ് സംഭാഷണം<br>റോൾപ്ലേ<br>റെക്കോർഡഡ് ഓഡിയോ ക്ലിപ്പ് | ആഗസ്റ്റ് മാർച്ച് | ഇംഗ്ലീഷ് ടീച്ചർ | |
| തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാക്കുന്നു | ചിത്രങ്ങൾ ഇംഗ്ലീഷ് സംഭാഷണം<br>പൂർത്തിയാക്കാൻ കഥ എഴുത്ത് | സെപ്റ്റംബർ മാർച്ച് | ഇംഗ്ലീഷ് ടീച്ചർ | |
| ഇംഗ്ലീഷ് തെറ്റുകൂടാതെ എഴുതുന്നതിന് പറയുന്നതിന് | പിക്ച്ചർ ഡിസ്ക്രിപ്ഷൻ<br>ഡയറി എഴുത്ത്<br>കഥാ ബുക്കുകൾ വായിച്ച്<br>സമ്മറി എഴുതൽ | ഒക്ടോബർ മാർച്ച് | ഇംഗ്ലീഷ് ടീച്ചർ | |

# അക്കാദമിക മാസ്റ്റർ പ്ലാൻ ഗണിതം എൽ പി /യു പി

| പ്രവർത്തനം | വിശദാംശങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അടിസ്ഥാന ഗണിതക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പുവരുത്തുന്നു | കളി രീതിയിലൂടെ അടിസ്ഥാനക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു നമ്പർ കാർഡ് മഞ്ചാടിക്കുരു മുത്തുകൾ ഫ്ലാഷ് കാർഡ് ഉപയോഗിക്കുന്നു | ജൂൺ മാർച്ച് | ഗണിത അധ്യാപകൻ | |
| ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു | ജാമിതീയ രൂപങ്ങൾ, ചതുഷ്കീയകൾ, ടാൻ ഗ്രാം ഇതുപോലുള്ള പ്രവർത്തനങ്ങൾ ഐസിടി സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു | ഒരു വർഷം | ഗണിത അധ്യാപകൻ, SITC | |
| രസകരമായ ഗണിതശാസ്ത്ര പഠനവും കര ചലനശേഷികളുടെ വികാസവും | ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തുന്നു | ഒരു വർഷം | ഗണിത അധ്യാപകൻ<br>പ്രവർത്തിപരിചയ ടീച്ചർ ബി ആർ സി | |
| ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിൽ എത്തിക്കുന്നു | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട നിർദ്ദേശം നൽകുന്നു | മാസത്തിൽ ഒരു പിരീഡ് | ഗണിത അധ്യാപകനും സമർത്ഥരായ കുട്ടികളും | |

# അക്കാദമിക മാസ്റ്റർ പ്ലാൻ ഹിന്ദി എൽ പി /യു പി

| പ്രവർത്തനം | വിശദാംശങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഹിന്ദി തിരിച്ചറിയൽ കാർഡ് | അഞ്ചാം ക്ലാസ് കുട്ടികൾക്ക് പേര് ക്ലാസ് സ്കൂൾ ഉൾപ്പെടുത്തിയ കാർഡ് ഹിന്ദി പഠനത്തിന് മാത്രം | ജൂൺ ജൂലൈ 25 | ഹിന്ദി അധ്യാപകൻ | 500 |
| ആഴ്ചയിലെ വാക്ക് | ഓരോ ആഴ്ചയും ഓരോ പുതിയ വാക്ക് കുട്ടികളെ പരിചയപ്പെടുത്തുന്നു | ജൂൺ മുതൽ | ഹിന്ദി അധ്യാപകൻ | |
| ഹിന്ദി ക്ലബ് പ്രവർത്തനം കാര്യക്ഷമമാക്കൽ | സ്കൂൾ തുറക്കുന്ന മാസം ക്ലബ്ബ് രൂപീകരിക്കുന്നു പ്രവർത്തന പദ്ധതി തയ്യാറാക്കുന്നു | ജൂൺമുതൽ | ഹിന്ദി അധ്യാപകൻ | 1000 |
| ഐസിടി ഉപയോഗം കൂട്ടൽ കാര്യക്ഷമമാക്കൽ | പാഠഭാഗങ്ങൾ ഐസിടി സഹായത്തോടെ ലളിതമാക്കുന്നു | ജൂൺമുതൽ | ഹിന്ദി അധ്യാപകൻ | |
| ദിനാചരണങ്ങൾ | ദിനാചരണങ്ങൾ ഹിന്ദി ക്ലബ്ബിന്റെ നേതൃത്വത്തിൽ ക്ലാസ് റൂം പ്രവർത്തനങ്ങളുമായി ബന്ധിപ്പിച്ച് | ജൂൺ 2025 മുതൽ | ഹിന്ദി അധ്യാപകൻ ഹിന്ദി ക്ലബ്ബ് എസ് ആർ ജി | |
| ഹിന്ദി ഫിലിം ക്ലബ് | ഓരോ മാസവും കുട്ടികളുമായി ബന്ധപ്പെട്ട സിനിമയോ കാർട്ടൂണോ പഠന സമയം നഷ്ടപ്പെടുത്താതെ കുട്ടികൾക്ക് കാണാനുള്ള അവസരം | ഒക്ടോബർ മുതൽ | ഹിന്ദി അധ്യാപകൻ | |